**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3904** — **15.03.2017 ൽ മറുപടിയ്ക്ക്**

## യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീമതി. വീണാ ജോർജ്ജ്.**
**ശ്രീ.ആർ. രാജേഷ്.**
**ശ്രീ. ആന്റണി ജോൺ.**
**ശ്രീ. കെ. ബാബു.**

**മറുപടി**

**ശ്രീ.എ.സി. മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ബഹു. വകുപ്പ് മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. |
| (ബി) | യുവജനങ്ങളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കാനുതകുന്ന വിവിധ പരിശീലന പരിപാടികൾ നടത്തുന്നതിനും അവരെ തൊഴിൽ സന്നദ്ധരാക്കുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രസ്തുത കമ്മീഷൻ ആവിഷ്കരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | യുവജനങ്ങളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ പരിശീലന പരിപാടികൾ, സെമിനാർ, സിംപോസിയം, ശിൽപശാലകൾ മുതലായവ കമ്മീഷൻ നടത്തി വരുന്നുണ്ട്. ആയത് തുടർന്നും വിപുലമായി നടത്തുന്നതിന് കമ്മീഷൻ ഉദ്ദേശിക്കുന്നു. |
| (സി) | ആപത്കരമാംവിധം സമൂഹത്തെ ബാധിച്ചിരിക്കുന്ന വർഗ്ഗീയതയെ തടയുന്നതിന് 'നമുക്ക് ജാതിയില്ല വിളംബരത്തിന്റെ' ഭാഗമായി കൂടുതൽ ബോധവത്ക്കരണ പരിപാടികൾ യുവജന കമ്മീഷൻ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | "നമുക്ക് ജാതിയില്ലാ വിളംബര"ത്തിന്റെ ഭാഗമായി കൂടുതൽ ബോധവത്കരണ പരിപാടികൾ തുടർന്നുള്ള വർഷങ്ങളിൽ നടപ്പിലാക്കുന്നതിന് കമ്മീഷൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത കമ്മീഷൻ നടത്തുന്ന ജോബ് പോർട്ടൽ കൂടുതൽ ശക്തിപ്പെടുത്താനും വിവിധ തൊഴിൽ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് തൊഴിൽ മേളകൾ | (ഡി) | കമ്മീഷൻ നടത്തുന്ന ' ജോബ് പോർട്ടൽ' കൂടുതൽ ശക്തിപ്പെടുത്താനും വിവിധ മേഖലകളിൽ നൈപുണ്യം നേടിയവരേയും തൊഴിൽ സ്ഥാപനങ്ങളേയും പങ്കെടുപ്പിച്ച് |

| | | | |
|---|---|---|---|
| | സംഘടിപ്പിക്കാനും പദ്ധതിയുണ്ടോ ; | | 'ജോബ് ഫെസ്റ്റ്' സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. |
| (ഇ) | സ്ത്രീകളുടെ ശാക്തീകരണത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് യുവജന കമ്മീഷൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ഇ) | സ്ത്രീകളുടെ ശാക്തീകരണത്തിനും ഉന്നമനത്തിനുമായി സെമിനാറുകൾ/ശിൽപ ശാലകൾ, തൊഴിൽ പരിശീലന പരിപാടികൾ മുതലായവ കമ്മീഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (എഫ്) | യുവജനങ്ങളുടെ ഇടയിൽ മദ്യം, മയക്കമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ ഭീതിജനകമായ രീതിയിൽ ഉയരുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സെമിനാറുകളും ബോധ വത്ക്കരണ പരിപാടികളും സംഘടി-പ്പിക്കാൻ എന്തെല്ലാം നടപടികളാണ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ള-തെന്ന് വ്യക്തമാക്കുമോ? | (എഫ്) | യുവാക്കളുടെ ഇടയിൽ മദ്യം, മയക്കമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിന് കോളേജ് തലത്തിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലു മായി തിരഞ്ഞെടുക്കപ്പെടുന്ന 5 സന്നദ്ധപ്രവർത്തകരെ വീതം ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും വിപുലമായ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ യുവജനങ്ങളെ സാരമായി ബാധിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് എല്ലാ ജില്ലകളിലും സെമിനാറുകൾ സംഘടിപ്പിച്ചു വരുന്നു. മാത്രമല്ല കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന യുവജനങ്ങളെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾ ഉൾപ്പെട്ട പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ശേഖരിച്ച് അദാലത്ത് മുഖേന തീർപ്പുകല്പിക്കുന്നുമുണ്ട്. |

**സെക്ഷൻ ഓഫീസർ**